വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം
ഫോൺ - 0484 2422210, 2422227
www.ernakulamdde.in
e-mail ddeekm@yahoo.co.in
തിയതി. 3-8-2009

നമ്പർ. F4./8633/09

# സർക്കുലർ

വിഷയം:- സ്കൂളുകളിലെ ഐ സി ടി സഹായപഠനപ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച്.

സൂചന:- ഇല്ല

ആധുനിക കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിജ്ഞാന-വിവര വിനിമയോപാധിയായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടെലിവിഷൻ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഏറെ താൽപര്യവും കഴിവുകളുമുള്ള ഒട്ടറെ കുട്ടികൾ നമ്മുടെ വിദ്യാലയങ്ങളിൽ ഇപ്പോഴുണ്ട്. ഇവരെ കണ്ടെത്തി സ്കൂളിലെ പൊതുവായ ഐ സി ടി പ്രവർത്തനങ്ങൾക്കും, വിവിധ വിഷയങ്ങളുടെ ഐ സി ടി സഹായപഠനപ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തുക, മറ്റു കുട്ടികളുടെ ഐ സി ടി സഹായപഠനപ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുക, അതോടൊപ്പം തന്നെ ഇവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ ഒരു പ്രത്യേക പദ്ധതി ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്കൂളുകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടെലിവിഷൻ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും താൽപര്യവും കഴിവുമുള്ളവരും ഐ ടി പഠനത്തിൽ മികച്ചു നിൽക്കുന്നവരുമായ കുട്ടികൾക്ക് വിദ്യാഭ്യാസ ജില്ലാ തലത്തിലും റവന്യൂ ജില്ലാ തലത്തിലും പ്രത്യേകമായ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി ഐ ടി അറ്റ് സ്കൂൾ പ്രോജക്റ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുകയാണ്. ഇതിനായി ഓരോ സ്കൂളിൽ നിന്നും ഐ സി ടി പഠനത്തിൽ മികവും താൽപര്യവുമുള്ള രണ്ടു കുട്ടികളെ വീതം കണ്ടെത്തി (മിക്സഡ് സ്കൂളുകളിൽ നിന്നും ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുമായിരിക്കണം.) അവരുടെ പേരു വിവരങ്ങൾ 2009 ആഗസ്റ്റ് 10 ന് മുൻപായി ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള ഐ ടി @ സ്കൂൾ മാസ്റ്റർ ട്രെയിനർ കോർഡിനേറ്ററുടെ പക്കൽ ഏൽപിക്കാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

സ്കൂളുകളിൽ ഐ ടി സഹായക പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി സ്കൂൾ തലത്തിൽ ഐ ടി പഠനത്തിൽ താൽപര്യമുള്ള കുട്ടുകളുടെ കൂട്ടായ്മ (ഐ ടി കോർണർ) സ്കൂൾ ഐ ടി കോർഡിനേറ്ററുടെ നേതൃത്വത്തിൽ സ്കൂളുകളിൽ സംഘടിപ്പിക്കേണ്ടതാണ്. സ്കൂൾ ലാബുകളുടെ സംരക്ഷണം, വിവിധ വിഷയങ്ങളുടെ ഐ ടി സാഹയക

പഠനപ്രവർത്തനങ്ങൾ, ഇന്റർനെറ്റിൽ നിന്നുള്ള വിവരശേഖരണം എന്നിവയ്ക്കൊക്കെ ഈ വിദ്യാർത്ഥികളുടെ സേവനം സ്കൂൾ തലത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ ഐ സി ടി രംഗത്തെ നൂതന പ്രവണതകൾ, കണ്ടുപിടുത്തങ്ങൾ, വളർച്ച എന്നിവയെക്കുറിച്ചൊക്കെ കാലാനുസൃതമായ അറിവുകൾ കുട്ടികൾക്കും അദ്ധ്യാപകർക്കും ലഭിക്കാനുതകുന്ന പ്രവർത്തനങ്ങൾ പ്രദർശനങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവയൊക്കെ സ്കൂൾ ഐ ടി കോർണറിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

എന്ന്

വിദ്യാഭ്യാസ ഉപ ഡയറക്ടർ

എറണാകുളം

പകർപ്പ്

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കു
2. എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും
3. ജില്ലാ കോർഡിനേറ്റർ, ഐ ടി @ സ്കൂൾ പ്രോജക്റ്റ്